പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1601 | 22.03.2013 ൽ മറുപടിയ്ക്ക് |
| സ്ത്രീ ശാക്തീകരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ. പി. കെ. ബഷീർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) . |
| (എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ)സ്ത്രീശാക്തീകരണത്തിനായി തന്റേടം 'ജെൻഡർ പാർക്ക്' പദ്ധതിയും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി 'നിർഭയ' പദ്ധതിയും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) സ്ത്രീകളുടെ സമസ്ത പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് കോഴിക്കോട് വെള്ളിമാട് കുന്നിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് തന്റേടം ജെൻഡർ പാർക്ക്. സ്ത്രീ പഠനങ്ങൾക്കും സംഘടന കൾക്കും വ്യക്തികൾക്കും ഒന്നിച്ചു ചേരുന്നതിനുള്ള സവിശേഷ ഇടമാണിത്. സ്ത്രീ പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യസുരക്ഷ ഉറപ്പാക്കാനും സഹായകരമായ നയപരിപാടികളുടെ അടിസ്ഥാന ത്തിലാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുക. സ്ത്രീകൾ മുൻകൈ എടുത്തു കൊണ്ടുള്ള കലാപരവും സാംസ്കാരികവും ബുദ്ധിപരവുമായ പ്രവർത്തനങ്ങൾ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വ്യത്യാസങ്ങൾക്കുപരിയായി ഒരു പൊതുഇടത്ത് ഏകോപിപ്പിക്കുന്നതാണ് തന്റേടം ജെൻഡർ പാർക്ക്. സ്ത്രീകളുടെ സർഗാത്മക ബൗദ്ധിക ശേഷികൾക്ക് ഒന്നിച്ചു ചേരാനുള്ള വ്യത്യസ്തമായ ഒരിടം എന്നത് ജെൻഡർ പാർക്കിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. കോഴിക്കോട് കൂടാതെ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലും ജെൻഡർ പാർക്കുകൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ജെന്റർ പാർക്കുകൾക്കായി ഒരു സ്പെഷ്യൽ ഓഫീസർ/സിഇഒ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യത്തിൽ അവ തടയുന്നതിനും സ്ത്രീകളിലും കുട്ടികളിലും ബോധവൽക്കരണം നടത്തുകയും അതുവഴി സ്ത്രീശാക്തീകരണം നടപ്പിലാക്കുന്നതിനും വേണ്ടി നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് നിർഭയ പദ്ധതി. |

സെക്ഷൻ ഓഫീസർ